# Inter Bell – a DIET and SSK Palakkad Initiative

## Student support Material

**BIOLOGY**


**STD 10**

Victers Digital Class

Part No. 26




**1. ചിത്രീകരണം നിരീക്ഷിക്കുക.**





**a.** ഇത് ഏത് രോഗത്തിന്റെ വ്യാപനരീതി സൂചിപ്പിക്കുന്നു?

**b.** A എന്നത് എന്തിനെ സൂചിപ്പിക്കുന്നു?

**c.** ഈ രോഗത്തിന്റെ പ്രകൃത്യായുള്ള രോഗവാഹിയുടെ പേരെഴുതുക.

**d.** രോഗാണു മനുഷ്യനിൽ എത്താനുള്ള സാഹചര്യങ്ങൾ എന്തൊക്കെയാണ്?

2. ചിത്രം തിരിച്ചറിഞ്ഞ് താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.



**a.** ഈ സൂക്ഷ്മാണുവിന്റെ പേരെഴുതുക.

**b.** ഇത് നിമിത്തം ഉണ്ടാകുന്ന രോഗമേത്?

**c.** ഈ രോഗാണു ഏത് തരം പ്രതിരോധകോശങ്ങളേയാണ് ബാധിക്കുന്നത്?

**d.** താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഈ രോഗത്തിന് കാരണമാകുന്ന സാഹചര്യങ്ങൾ മാത്രം തെരഞ്ഞെടുക്കുക

| |
|---|
| **1.** കൊതുക് കടിക്കുന്നതിലൂടെ |
| **2.** എച്ച്. ഐ. വി ബാധിതരിൽ നിന്നും രക്തം സ്വീകരിക്കുക വഴി |
| **3.** സിറിഞ്ചുകൾ പങ്കുവെക്കുന്നതിലൂടെ |
| **4.** സ്പർശനത്തിലൂടെ |
| **5.** എച്ച്. ഐ. വി ബാധിതയിൽ നിന്നും ഗർഭസ്ഥശിശുവിലേക്ക് |
| **6.** ഒരേ കുളത്തിൽ കുളിക്കുന്നതിലൂടെ. |
| **7.** ലൈംഗികബന്ധത്തിലൂടെ |
| **8.** പൊതുശൗചാലയങ്ങൾ പങ്കുവെക്കുന്നതിലൂടെ |

**3. ഒരു രോഗിയുടെ കേസ് ഷീറ്റ് നൽകിയിരിക്കുന്നു.**

* കരളിന് വീക്കം
* ശ്ലേഷ്മസ്തരത്തിലും കണ്ണിന്റെ വെള്ളയിലും നഖത്തിലും കടും മഞ്ഞ നിറം.

a. ഇദ്ദേഹത്തെ ബാധിച്ചിരിക്കുന്ന രോഗമേതാണ്?

b. ഈ രോഗത്തിനു കാരണമായ രോഗാണുവിന്റെ പേരെഴുതുക.

c. ശ്ലേഷ്മസ്തരത്തിലും കണ്ണിന്റെ വെള്ളയിലും നഖത്തിലും കടും മഞ്ഞ നിറത്തിന് കാരണമെന്താണ്?

**4. പത്രവാർത്ത വിലയിരുത്തി ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**പത്രവാർത്ത**

വയനാട്: രോഗം പകരുമെന്ന ഭീതിയിൽ എയിഡ്സ് രോഗികളായ കുട്ടികൾക്ക് സ്ക്കൂൾ ഹോസ്റ്റലിൽ അധികാരികൾ പ്രവേശനം നിഷേധിച്ചു.

a. സ്ക്കൂൾ അധികാരികളുടെ നടപടിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

a. ഒരു ശാസ്ത്രവിദ്യാർത്ഥി എന്ന നിലയിൽ ഈ വിഷയത്തിൽ നിങ്ങളുടെ അഭിപ്രായമെന്താണ്?

**5. ഒറ്റപ്പെട്ടത് കണ്ടെത്തുക. മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക.**

ഡെങ്കിപ്പനി, എലിപ്പനി, എയിഡ്സ്, ഹെപ്പറ്റൈറ്റിസ്

**6.** ബോക്സിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശ്രദ്ധിക്കുക. ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

- ഇവക്ക് ലഘു ഘടനയാണുള്ളത്.
- പ്രോട്ടീൻ ആവരണത്തിൽ DNA/RNA തന്മാത്രകൾ ഉൾക്കൊള്ളുന്നു.
- സാധാരണ കോശാംഗങ്ങൾ കാണുന്നില്ല.
- ആതിഥേയകോശത്തിന്റെ ജനിതകവസ്തുക്കൾ ഉപയോഗിച്ച് പെരുകുന്നു.

**a.** വിവരങ്ങൾ ഏത് വിഭാഗം സൂക്ഷ്മജീവികളെ സൂചിപ്പിക്കുന്നു?

**b.** ഇവ മനുഷ്യരിൽ ഉണ്ടാക്കുന്ന രോഗങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക.

വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസ് കാണുന്നതിന് ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക.

https://www.youtube.com/watch?v=Dy_QDlOu9bI